**"CORRUPTION, A CRIME AGAINST NATION"**


വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ

തിരുവനന്തപുരം 695033

E-mail:vig.vacb@kerala.gov.in

ഫോൺ നം. 0471-2305393


തീയതി. 15.05.2025

# കുടി വെള്ള പദ്ധതിയിലെ എസ്റ്റിമേറ്റിൽ കൃത്രിമം കാണിച്ച് പണാപഹരണം നടത്തിയ KSEB യിലെ മുൻ ലൈൻമാനെ വിജിലൻസ് കോടതി തടവിന് ശിക്ഷിച്ചു.

ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമ പഞ്ചായത്ത് 2005-2006 കാലഘട്ടത്തിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ കൃത്രിമം കാണിച്ച KSEB യിലെ മുൻ ലൈൻമാൻ എം.പി. ജോസഫിനെ മൂവാറ്റുപുഴ വിജിലൻസ് കോടതി കുറ്റക്കാരനാണെന്ന് കണ്ടെത്തി ശിക്ഷിച്ചു.

2005-06 കാലഘട്ടത്തിൽ ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമ പഞ്ചായത്ത് കുടിവെള്ള പദ്ധതിയുടെ ശൃംഖല വിപുലീകരിക്കുന്നതിലേക്കുള്ള പദ്ധതി നടപ്പിലാക്കിയിരുന്നു. ഇതിലേക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി KSEB യിൽ നിന്നും ചിലവാക്കുന്ന തുകയ്ക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലേക്ക് ചുമതലപ്പെട്ട, കമ്പിളികണ്ടം KSEB ഓഫീസിലെ ലൈൻമാനായ എം.പി. ജോസഫ്, ഓഫീസിലെ മറ്റ് ജീവനക്കാരുമായി ഒത്ത് കളിച്ച് 82,652/- രൂപ ചിലവാകുന്ന പദ്ധതിയിലേക്ക് 2,44,993/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകി പണം തട്ടിച്ചിരുന്നു. അധികമായി സമർപ്പിച്ച തുകയായ 1,62,818/- രൂപ അപഹരിച്ചതിന് വിജിലൻസ് ഇടുക്കി യുണിറ്റ് രജിസ്റ്റർ ചെയ്ത കേസിൽ, എം.പി. ജോസഫിനെ മൂവാറ്റുപുഴ വിജിലൻസ് കോടതി കുറ്റക്കാരനാണെന്ന് കണ്ടെത്തി ശിക്ഷിച്ചു. വിവിധ വകുപ്പുകളിലായി 3 വർഷം തടവിനും 15,000/- രൂപ പിഴ ഒടുക്കുന്നതിനുമാണ് ശിക്ഷ വിധിച്ചത്. ശിക്ഷ ഒരുമിച്ച് അനുഭവിച്ചാൽ മതിയെന്നും വിധി ന്യായത്തിൽ പറയുന്നു. എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് (വിജിലൻസ്) ശ്രീ. എൻ.വി രാജു ആണ് വിധി പുറപ്പെടുവിച്ചത്. വിജിലൻസിനു വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ ശ്രീമതി. സരിത വി.എ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ **1064** എന്ന നമ്പരിലോ **8592900900** എന്ന നമ്പരിലോ വാട്ട്സ്ആപ്പ് നമ്പരായ **9447789100** എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് അഭ്യർത്ഥിച്ചു.